## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **128**

**21-01-2014 ൽ മറുപടിയ്ക്ക്**

### സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ജോസഫ് വാഴക്കൻ | | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഒരു ബൃഹത് പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ പ്രാരംഭ ഘട്ടത്തിൽ ഈ വർഷം 3825 സ്കൂളുകളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ജൈവമാലിന്യങ്ങളുടെ കാര്യക്ഷമമായ സംസ്കരണം ഉറപ്പുവരുത്തുക , ഉച്ചഭക്ഷണം തയ്യാറാക്കാൻ ചെലവു കുറഞ്ഞതും സുരക്ഷിതവുമായ ഇന്ധനം ലഭ്യമാക്കുക, സ്കൂൾ പച്ചക്കറി തോട്ടത്തിന് ഉത്തമ ജൈവവളം ഉണ്ടാക്കുക, ജൈവകൃഷിയേയും മാലിന്യ സംസ്കരണത്തേയും കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ പര്യാപ്തമാക്കുക, ഉച്ചഭക്ഷണത്തിന് ആരോഗ്യദായകമായ ജൈവ പച്ചക്കറികൾ ഉണ്ടാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേളകൾ ഫലപ്രദമായി വിനിയോഗിക്കുവാനും കായിക മാനസിക വിഭവശേഷി വികസിപ്പിക്കുവാൻ പ്രേരിപ്പിക്കുക എന്നിങ്ങനെയുള്ള ബഹുമുഖ ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; | (സി) | പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർ തെരഞ്ഞെടുക്കുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന 8 കോടി രൂപയുടെ ധനസഹായത്തോടെ സൗജന്യമായിട്ടാണ് സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ